(ബി) പ്രസ്തുത ചട്ടം കൃത്യമായി പാലിച്ച് പോന്നിട്ടുണ്ടോയെന്നും ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ഇരട്ടിവരെ തുകയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) തുക വകയിരുത്താതെ എത്ര തുകയുടെ ജോലികൾക്ക് ഓരോ വർഷവും ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നുവെന്നും ഇവ പൂർത്തിയാക്കുന്ന മുറയ്ക്ക് ഉണ്ടാകാവുന്ന അധിക ബാദ്ധ്യത എത്രത്തോളമാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഡയറി അച്ചടി

113 (459) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) 523/2014 Fin ഉത്തരവിന് വിരുദ്ധമായി ഡയറിയോ കലണ്ടറോ പ്രിന്റ് ചെയ്ത ഏതെങ്കിലും സർക്കാർ വകുപ്പുകളോ, പൊതു മേഖലാ സ്ഥാപനങ്ങളോ, .ആട്ടോണമസ് ബോഡികളോ ഉണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) 523/2014/ഫിൻ ഉത്തരവിന് വിരുദ്ധമായി ഏതെങ്കിലും സർക്കാർ വകുപ്പുകളോ, പൊതുമേഖലാ സ്ഥാപനങ്ങളോ, ആട്ടോണമസ് ബോഡികളോ ഡയറിയോ കലണ്ടറോ പ്രിന്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

പൊതുകടം

114 (460) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പൊതു കടം എത്ര യായിരുന്നു ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയുള്ള പൊതുകടം എത്രയാണെന്നും കടമെടുത്ത തുക എപ്രകാരമാണ് ചെലവഴിച്ചതെന്നും വിശദ മാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് കടബാദ്ധ്യതയിൽ എത്ര തുകയുടെ വർദ്ധനവുണ്ടായി ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന കടത്തിന്റെ എത്രശതമാനമാണ് വർദ്ധനവ് ?

LIBRARY ARCHIVES Kerala Legislative Assembly